**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** **08-12-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ ഐ ബി സതീഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രകടനം വിലയിരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണനിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ചുവടെ പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന്റെ മികവ് വിലയിരുത്തിയിട്ടുള്ളത്.<br>1) സ്കൂൾ പ്രാപ്യത (Acess)<br>2) പഠനനേട്ടങ്ങളും ഗുണതയും (Learning Outcomes and quality)<br>3) അടിസ്ഥാന സൗകര്യവികസനം (Infrastructure and Facility)<br>4) തുല്യത (Equity)<br>5) ഭരണപരമായ മികവ് (Governance processes) |
| (ബി) | വിദ്യാഭ്യാസ മേഖലയിൽ ഒന്നാമതെത്തുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (പി.ജി.ഐ) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിന് അടിസ്ഥാനമായി ചുവടെ പറയുന്ന നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്നു.<br>1.പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കുന്ന പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ.<br>2.എല്ലാ കുട്ടികളേയും ഉദ്ദേശിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ട പഠനപോഷണ പരിപാടികൾ. |

3.സാർവ്വത്രിക വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങൾ.

4.സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ.

5. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ.

6.ഭിന്നശേഷി, പിന്നാക്കവിഭാഗം, പെൺകുട്ടികൾ, ട്രൈബൽ മേഖലയിലെ കുട്ടികൾ, അതിഥി തൊഴിലാളികളുടെ മക്കൾ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള സവിശേഷ പരിപാടികൾ, ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

7.സ്കൂൾ ഭരണം മെച്ചപ്പെട്ടതാക്കുന്നതിന് സ്കൂൾ മേധാവികൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

8. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ.

സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസം സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സമഗ്രശിക്ഷാ കേരളം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. അക്സസ് & റ്റിറ്റൻഷൻ
2. റസിഡൻഷ്യൽ ഹോസ്റ്റൽ
3. സ്കൂളുകളുടെ ശാക്തീകരണം
4. ട്രാൻസ്പോർട്ട് & എസ്കോർട്ട്
5. ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്
6. സൗജന്യപാഠപുസ്തകം
7. സൗജന്യയൂണിഫോം
8. ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം
9. കമ്മ്യൂണിറ്റി മൊബിലൈസേഷൻ
10. ക്വാളിറ്റി ഇന്റർവെൻഷനുകൾ
11. നൂതനാശയ പ്രവർത്തനങ്ങൾ
12. പഠനപോഷണ പരിപാടികൾ
13. പ്രീസ്കൂൾ പിന്തുണാ പദ്ധതി.
14. ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ
15. കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്
16. ലൈബ്രറി ഗ്രാന്റ്
17. ടീച്ചർ എജ്യൂക്കേഷൻ
18. ജൻഡർ & ഇക്വിറ്റി

| | | | |
|---|---|---|---|
| | | | 19. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം<br>20. വൊക്കേഷണലൈസേഷൻ ഓഫ് എജ്യൂക്കേഷൻ<br>21. STARS പ്രവർത്തനങ്ങൾ |
| (സി) | സംസ്ഥാനം ആവിഷ്കരിച്ച് നടപ്പാക്കുന്ന പല പദ്ധതികളും മറ്റ് സംസ്ഥാനങ്ങൾ അനുകരിച്ച് നടപ്പിലാക്കുന്ന നിലയിലേക്ക് പൊതുവിദ്യാഭ്യാസ രംഗം മാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. എൻ.സി.ഇ.ആർ.ടി. പോലുള്ള ദേശീയ ഏജൻസികളുടെ ചർച്ചകളിൽ കേരളത്തിന്റെ അവതരണം പല സംസ്ഥാനങ്ങളും മാതൃകയായി കണ്ട് അവരവരുടെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. കേരളത്തിൽ വന്ന് പലസംസ്ഥാന പഠനസംഘങ്ങളും കേരള മാതൃക പഠിച്ച് നടപ്പിലാക്കുന്നുണ്ട്. തമിഴ് നാട്, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങൾ കേരള വിദ്യാഭ്യാസ മാതൃക നടപ്പിലാക്കി വിജയിച്ച് മുന്നേറുന്ന സംസ്ഥാനങ്ങളാണ്. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളും വടക്ക കിഴക്കൻ സംസ്ഥാനങ്ങളും കേരള മാതൃക പഠിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ